LIBRARY ARCHIVES Kerala Legislative Assembly

പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണം

134(5293) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി റിഫൈനറിയോടനുബന്ധിച്ച് സംസ്ഥാന സർക്കാർ ആരംഭിച്ച പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികളുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പെട്രോ കെമിക്കൽ പാർക്ക് പദ്ധതിക്കായി കൊച്ചിയിലെ ഫാക്ടിൽനിന്നും 481 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറി. ഇതിനായി കിഫ്ബി മുഖാന്തരം 977 കോടി രൂപയാണ് ഫാക്ടിന് നൽകിയത്. പ്രസ്തുത 481 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു. ഈ 481 ഏക്കർ ഭൂമിയിൽനിന്നും 170 ഏക്കർ ഭൂമി ബി.പി.എസ്.എൽ-ന് കിൻഫ്ര അലോട്ട് ചെയ്യുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. M/s Voyants Consultants Private Limited എന്ന കമ്പനിയാണ് ഇതിന്റെ രൂപരേഖ തയ്യാറാക്കിയത്. ഇപ്രകാരം അംഗീകരിച്ച രൂപരേഖ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പദ്ധതിയുടെ അലോട്ടുമെന്റും വികസന പദ്ധതികളും നടപ്പിലാക്കുന്നത്. നാളിതുവരെ കിൻഫ്ര 29 സംരംഭകർക്ക് വിവിധ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

അത്താണി സിഡ്കോ പാർക്കിന്റെ അധീനതയിലുള്ള ഭൂമി

135(5294) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അത്താണി സിഡ്കോ പാർക്കിന്റെ അധീനതയിലുള്ള ഭൂമി കയ്യേറ്റംമൂലം അന്യാധീനപ്പെട്ട സാഹചര്യം നിലവിലുണ്ടോയെന്നറിയിക്കുമോ;

(ബി) എങ്കിൽ അത് തിരിച്ചുപിടിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇപ്രകാരം ഭൂമി അന്യാധീനപ്പെട്ടിട്ടില്ലെങ്കിൽ പ്രസ്തുത പ്ലോട്ടുകൾ ചെറുകിട വ്യവസായ സംരംഭകർക്ക് അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ-സി) 4-3-1998-ലെ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ ബി-9-5091/82 ഉത്തരവ് പ്രകാരം 11.81 ഏക്കർ ഭൂമി സിഡ്കോയ്ക്ക് വ്യവസായ പാർക്ക് ആരംഭിക്കുവാൻ അനുവദിച്ചുനൽകി. പ്രസ്തുത ഉത്തരവിൽ ടി പാർക്കിനോട് ചേർന്ന് മെ. തൃശ്ശൂർ ജില്ലാ പാഡി മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ചു നൽകിയ 91 സെന്റ് ഭൂമി തിരികെ സർക്കാരിൽ ഏല്പിക്കാനും പ്രസ്തുത സ്ഥലം സിഡ്കോ റീ-അലോട്ട് ചെയ്യുവാനും ഉത്തരവായിരുന്നു. എന്നാൽ സൊസൈറ്റിക്ക് പ്രസ്തുത പാർക്കിനോടു ചേർന്ന് വ്യവസായ വകുപ്പ് അനുവദിച്ച ഭൂമിക്ക് ഈടാക്കിയ അതേ വില ലീസ് പ്രീമിയമായി കണക്കാക്കണമെന്ന ആവശ്യത്തിന്മേൽ തീരുമാനമായിട്ടില്ല. വിലയിന്മേൽ തീരുമാനമായാൽ പാട്ട വ്യവസ്ഥയിലായിരിക്കും സൊസൈറ്റിക്ക് ഭൂമി അനുവദിച്ചുനൽകുക. കയ്യേറ്റംമൂലം ഭൂമി അന്യാധീനപ്പെട്ട സാഹചര്യം കാണുന്നില്ല. മറ്റ് ചെറുകിട വ്യവസായികൾക്ക് അനുവദിച്ച് നൽകുന്നതിന് അത്താണി വ്യവസായ വികസന പ്ലോട്ടിൽ ഒഴിവുള്ള ഭൂമി നിലവിലില്ല.

ഒരു മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക്

136(5295) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് എന്ന പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയെന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ-സി) ഒരു മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് എന്ന പദ്ധതി നിലവിൽ നടപ്പിലാക്കുന്നില്ല. എന്നാൽ പ്രൈവറ്റ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായുള്ള സ്ഥലം ഓരോ മണ്ഡലത്തിലും കണ്ടെത്തുകയാണെങ്കിൽ പാർക്കിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.